ശബരിമലയിലെ ഭൂമി കൈമാറ്റം

149(2618) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ദേവസ്വം ബോർഡിന്റെ കൈവശമുള്ള ഭൂമി അന്യസംസ്ഥാനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ; പ്രസ്തുത കൈമാറ്റത്തിന്റെ നിയമ പ്രാബല്യത്തെക്കുറിച്ചും ഇത് ഭാവിയിൽ ഉണ്ടാക്കാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരും ദേവസ്വം ബോർഡും തീർത്ഥാടകർക്കു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമി ദേവസ്വം ബോർഡ് വില നൽകി വാങ്ങിയതാണോ;

(ഡി) ഭൂമി കൈമാറ്റം ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് വിഘാതമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അന്യസംസ്ഥാന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ പണികഴിപ്പിക്കുന്നതിന് നിലയ്ക്കലിൽ സ്ഥലം നൽകുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. തെലുങ്കാന സർക്കാരുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ഒപ്പിടുന്ന ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു.* ഇതുസംബന്ധമായി ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ധാരണാ പത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്ഥലത്തിന്റെ നെറ്റ് പ്രസന്റ് വാല്യൂവും പകരം വനവൽക്കരണത്തിനുള്ള തുകയും ദേവസ്വം ബോർഡ് നൽകി. പകരം വനവൽക്കരണത്തിനുള്ള സ്ഥലം ഇടുക്കിയിലെ കമ്പക്കല്ലിൽ സർക്കാർ നൽകി.

(ഡി) ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളുവെന്ന വ്യവസ്ഥയിൽ മാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly